


www.facebook.com/palakkadpolice
www.twitter.com/DpcPalakkad

## മയക്കമരുന്നുമായി യുവാവ് പിടിയിൽ

സിന്തറ്റിക് വിഭാഗത്തിൽ ഉൾപ്പെട്ട മാരക മയക്കമരുന്നുമായി യുവാവിനെ ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡും,ടൗൺ നോർത്ത് പോലീസും ചേർന്ന് നടത്തിയ വാഹന പരിശോധനയിൽ പിടികൂടി.പാലക്കാട്,കടുക്കാംകുന്നം സ്വദേശി റിഷിൻ, വ : 28 ആണ് അറസ്റ്റിലായത്.റോഡിൽ വെച്ച് ബൈക്കിൽ സഞ്ചരിക്കുകയായിരുന്ന യുവാവിനെ തടഞ്ഞു നിർത്തി പരിശോധിച്ചതിലാണ് ടിയാൻെറ ശരീരത്തിൽ പഴ്സിലായി ഒളിപ്പിച്ചു വെച്ച നിലയിൽ 1.8 ഗ്രാം MDMA കണ്ടെത്തിയത്. ഗ്രാമിന് 5000 രൂപയാണ് വില.

# മാരക മയക്കുമരുന്നുമായി യുവാവ് പിടിയിൽ

പാലക്കാട്: സിന്തറ്റിക് വിഭാഗത്തിൽ ഉൾപ്പെട്ട മാരക മയക്കുമരുന്നുമായി യുവാവ് പിടിയിൽ. കടുക്കാംകുന്നം സ്വദേശി റിഷിൻ (28) ആണ് അറസ്റ്റിലായത്.

ഇയാളുടെ പഴ്സിൽ ഒളിപ്പിച്ചിരുന്ന 1.8 ഗ്രാം എം.ഡി.എം.എ. കണ്ടെടുത്തു. പിടികൂടിയ മയക്കുമരുന്നിനു ഗ്രാമിന് 5,000 രൂപയാണ് വില. ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡും ടൗൺ നോർത്ത് പോലീസും ചേർന്ന് നൂറടി റോഡിൽ നടത്തിയ വാഹന പരിശോധനയിലാണ് റിഷിൻ പിടിയിലായത്. തൃശൂരിലുള്ള ഏജന്റ് മുഖേനയാണ് റിഷിന് മയക്കുമരുന്ന് ലഭിച്ചത്. ആവശ്യക്കാർക്ക് ഇയാൾ വിൽപ്പന നടത്തി വരുന്നതായി കണ്ടെത്തി. ബൈക്കിൽ സഞ്ചരിച്ചാണ് നേരിട്ട് എത്തിച്ചു കൊടുക്കുന്നത്.

പണം മുൻകൂട്ടി ഇയാൾ പറയുന്ന അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണ് രീതി. കഴിഞ്ഞയാഴ്ച 1.5 ഗ്രാം മയക്കുമരുന്നുമായി ഒരാളെ പാലക്കാട് ടൗണിൽ നിന്നും പിടികൂടിയിരുന്നു.

ക്രിസ്റ്റൽ രൂപത്തിലുള്ള എം.ഡി.എം.എ. പൊടിച്ച് പൗഡർ രൂപത്തിലാക്കി മൂക്കിലേക്ക് നേരിട്ട് വലിച്ചെടുക്കലാണ് രീതി. എട്ടു മുതൽ 10 മണിക്കൂർ വരെ ലഹരി നിലനിൽക്കും. ചിലർക്ക് ഉപയോഗിക്കുമ്പോൾ മൂക്കിലൂടെ രക്തം വരുന്നതായും പറയുന്നു.

യുവാക്കൾ കഞ്ചാവിൽനിന്നും മാറി മാരക മയക്കുമരുന്നുകളിലേക്ക് തിരിയുകയാണ്. മെത്തഡിൻ, മെത്താം ഫിറ്റമിൻ, കെറ്റമിൻ, എൽ.എസ്.ഡി, നൈട്രോസെപ്പാം തുടങ്ങിയ ലഹരി മരുന്നുകളും വ്യാപകമാണ്. പാലക്കാട് നർകോട്ടിക് സെൽ ഡിവൈ.എസ്.പി. സി.ഡി. ശ്രീനിവാസന്റെ നേതൃത്വത്തിലാണ് പരിശോധന. ടൗൺ നോർത്ത് സബ് ഇൻസ്പെക്ടർ സുധീഷ് കുമാർ, എ.എസ്.ഐ. നന്ദകുമാർ, സി.പി.ഒമാരായ സന്തോഷ് കുമാർ, ഷൈജു, മഹേഷ്, ഡ്രൈവർ എസ്.സി.പി.ഒ. ധിജേഷ്, ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ കെ. അഹമ്മദ് കബീർ, ആർ. വിനീഷ്, ആർ. രാജീദ് എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്.

പാലക്കാട് ജില്ല പോലീസ് മേധാവി ശിവവിക്രം IPSന്റെ നിർദ്ദേശത്തെത്തുടർന്ന് നർകോട്ടിക് സെൽ DySP. C.D. ശ്രീനിവാസന്റെ നേതൃത്വത്തിലാണ് പരിശോധന നടത്തിയത്. പാലക്കാട് **ടൗൺ** നോർത്ത് സബ് **ഇൻ**സ്പെക്ടർ സുധീഷ് കുമാർ, ASI നന്ദകുമാർ, CPO സന്തോഷ് കുമാർ ,രഘു, മഹേഷ്, DVR SCPO ഡിജേഷ്, ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ K. അഹമ്മദ് കബീർ, R. വിനീഷ്, R. രാജീദ് എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്.

.......................................................................................................................

100 POLICE STATION | 1091 WOMEN HELPLINE | 9497 900 000 MESSAGE CENTRE | 9846 100 100 HIGHWAY ALERT | 1090 CRIME STOPPER | 1098 CHILD LINE | 9846 200 100 RAILWAY ALERT